കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.പി.മാതൃൂറോയ്, ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബു എന്നിവരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4831/2018/ധന** **തിരുവനന്തപുരം, തീയതി 06/06/2018**

പരാമർശം:- 1) 23/02/2018 തീയതിയിലെ സ.ഉ(സാധാ)നം.1451/2018/ധന നം. ഉത്തരവ്.
2) 12/04/2018-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.315/2018 & 317/2018-ലെ ഉത്തരവ്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബു,ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.പി.മാതൃൂറോയ് എന്നിവരെ അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം(1) ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. ടി ഉദ്യോഗസ്ഥർ തങ്ങളെ സസ്പെന്റ് ചെയ്ത നടപടി പുന:പരിശോധിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നു ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം O.A.No.315/2018 & 317/2018 എന്നീ കേസുകൾ ഫയൽ ചെയ്തു.

2. പരാമർശം (2)ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥരെ നേരിൽ കേൾക്കാനും അവരുടെ റിവ്യൂ പെറ്റീഷൻ പരിശോധിച്ച് ഉചിതമായ നടപടി ആറ് ആഴ്ചക്കുള്ളിൽ സ്വീകരിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം ടി ഉദ്യോഗസ്ഥരെ 31/05/2018-ൽ നേരിൽ കേട്ടു. തങ്ങൾ സ്വീകരിച്ച നടപടികൾ ദുർവ്യാഖ്യാനം ചെയ്യാൻ ഇടയായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി അച്ചടക്ക നടപടികൾ അവസാനിപ്പിക്കണമെന്നും സസ്പെൻഷൻ പിൻവലിച്ച ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ഇരുവരും ഹിയറിംഗ് വേളയിൽ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബു, ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.വി.മാത്യുറോയ് എന്നിവർ സമർപ്പിച്ച റിവ്യൂഹർജിയിൽ, തങ്ങൾ സ്വീകരിച്ച നടപടികൾ മാപ്പാക്കി അച്ചടക്കനടപടികൾ അവസാനിപ്പിക്കണമെന്നും സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളത് പരിഗണിച്ച്, ടി ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ടും ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.മാത്യുറോയിക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി താക്കീത് നൽകി അവസാനിപ്പിക്കുന്നു. ടിയാനെ പാലക്കാട് ജില്ല ഓഡിറ്റ് കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ച് കൊണ്ടും ഉത്തരവാകുന്നു.

4. ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബുവിനെ ആലപ്പുഴ ജില്ലയ്ക്ക് പുറത്തു ഒഴിവുള്ള തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമനം നൽകേണ്ടതാണ്.

5. പരാമർശത്തിലെ കോടതി വിധി ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീനി.ജി**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ,കേരള,തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ,ഡയറക്ടർ മുഖേന
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്‌·(www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ഫയൽ നം.എസ്റ്റാ.ഡി1/161/2017/ധന (692601

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt No: KSA 1/ESH-1/2018 Dated: 07.06.18

DIRECTOR